**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1384** **07-10-2021 - ൽ മറുപടിയ്ക്ക്**

**ലാബ് അസിസ്റ്റന്റുമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എയ്ഡഡ് ഹയർ സെക്കണ്ടറി വിഭാഗത്തിലെ ലാബ് അസിസ്റ്റന്റുമാരുടെ നിയമന അംഗീകാരത്തിന് പത്രപരസ്യം ആവശ്യമുണ്ടോ; | (എ) | ഇല്ല |
| (ബി) | കോഴിക്കോട് ആർ. ഡി. ഡി. ഓഫീസിൽ നിന്നും എത്ര ലാബ് അസിസ്റ്റന്റുമാരുടെ നിയമന അംഗീകാരം നൽകിയിട്ടുണ്ടെന്നും ഇതിന് പത്രപരസ്യം ഉണ്ടായിരുന്നോയെന്നും വ്യക്തമാക്കുമോ; | (ബി) | നിലവിൽ കോഴിക്കോട് മേഖലാ ഉപമേധാവിയുടെ കാര്യാലയത്തിന്റെ പരിധിയിലുള്ള കോഴിക്കോട്,വയനാട് ജില്ലകളിൽ 97 ലാബ് അസ്സിസ്റ്റന്റുമാർക്കു നിയമന അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ എല്ലാ നിയമനങ്ങൾ അംഗീകരിക്കുന്നതിനും പത്രപരസ്യം ഉണ്ടായിരുന്നില്ല . |
| (സി) | അരിക്കുളം കെ. പി. എം. എസ്. എം. എച്ച്. എസ്. എസ്. ലെ മിർദാസ് മുഹമ്മദ്. ജെ. ആർ. എന്ന ലാബ് അസിസ്റ്റന്റിന്റെ നിയമന അംഗീകാരം പത്രപരസ്യം ഇല്ലായെന്ന കാരണത്താൽ നിരസിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽക്കാണ് ടിയാന് നിയമന അംഗീകാരം നൽകിയത് എന്ന് വിശദമാക്കുമോ; | (സി) | പത്രപരസ്യം ഇല്ല എന്ന കാരണത്താൽ ടിയാൾക്കു 06-09-16 മുതലാണ് നിയമനം നൽകിയിരുന്നത് .എങ്കിലും, പിന്നീട് മാനേജർ നിയമിച്ച തീയതിയായ 3-06-2016 മുതൽ തന്നെ നിയമന അംഗീകാരം പുനഃക്രമീകരിച്ചു നൽകിയിട്ടുണ്ട് |
| (ഡി) | ലാബ് അസിസ്റ്റന്റ് നിയമന അംഗീകാരത്തിന് പത്രപരസ്യം വേണമെന്ന് സ്പെഷ്യൽ റൂളിലോ സർക്കാർ നിർദ്ദേശമോ ഇല്ലാതിരിക്കെ മിർദാസ് മുഹമ്മദിന്റെ അപേക്ഷ മാത്രം നിരസിച്ചതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) | പത്രപരസ്യം ഇല്ല എന്ന കാരണത്താൽ ടിയാൾക്കു 06-09-16 മുതലാണ് നിയമനം നൽകിയിരുന്നത് .എങ്കിലും, പിന്നീട് മാനേജർ നിയമിച്ച തീയതിയായ 3-06-2016 മുതൽ തന്നെ നിയമന അംഗീകാരം പുനഃക്രമീകരിച്ചു നൽകിയിട്ടുണ്ട് |
| (ഇ) | കോഴിക്കോട് ആർ. ഡി.ഡി. ഓഫീസിൽ പ്രസ്തുത അപേക്ഷ കൈകാര്യം ചെയ്തത് ഏതൊക്കെ ഉദ്യോഗസ്ഥരാണെന്ന് വ്യക്തമാക്കുമോ; | (ഇ) | 1). ശ്രീ.ഗോകുലകൃഷ്ണൻ.കെ (റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ) 2). ശ്രീമതി.ആനിമോൾ കുര്യൻ (റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ) 3) ശ്രീമതി.സീന.കെ.(അക്കൗണ്ട്സ് ഓഫീസർ) (4) ശ്രീമതി.അപർണ്ണ വി.ആർ (ക്ലർക്ക്) |
| (എഫ്) | ഈ ഉത്തരവിനെതിരെ ഹൈയർ സെക്കണ്ടറി ഡയറക്ടർക്ക് മാനേജർ നൽകിയ അപ്പീലിൽ | (എഫ്) | 10.10.2017-ലെ അക്കാദമിക് വിഭാഗം ജോയിന്റ് ഡയറക്ടറുടെ എസിഡി |

| | | | |
|---|---|---|---|
| | അക്കാദമിക്ക് വിഭാഗം ജോയിന്റ് ഡയറക്ടർ നൽകിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; | | ബി1/64045/17/HSEനമ്പർ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ജി) | ഇത്തരത്തിൽ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സർവീസിന് ദോഷകരമായി ബാധിക്കുന്ന രീതിയിൽ ഉത്തരവിറക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടി സ്വീകരിക്കുമോ? | (ജി) | പരിശോധിച്ച് ചട്ടങ്ങൾ അനുശാസിക്കും വിധം നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

13

ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നം.എസിഡി.ബി1/64045/2017/എച്ച്.എസ്.ഇ. തീയതി- 10/10/2017

ഡയറക്ടർ

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
ഹയർ സെക്കന്ററി വിദ്യാഭ്യാസം,
കോഴിക്കോട്.

/ മാനേജർ
കെ.പി.എം.എസ്.എം. എച്ച്.എസ്.എസ്.
അരിക്കുളം പി.ഒ., ഊരള്ളൂർ
കോഴിക്കോട് 673 620

സർ,

വിഷയം- ഹ.സെ.വി.-എയ്ഡഡ്- ശ്രീ. മിർദാസ് മുഹമ്മദ് ജെ. ആർ - ലാബ് അസിസ്റ്റന്റ് - നിയമനം അംഗീകരിച്ച തീയതി മാറ്റി ഉത്തരവ് നൽകുന്നതിനുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന- 13/01/2017-ലെ മാനേജരുടെ അപ്പീൽ അപേക്ഷ.

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. 13/01/2017-ൽ താങ്കൾ സമർപ്പിച്ച അപ്പീൽ അപേക്ഷ വിശദമായി പിരശോധിക്കുകയുണ്ടായി. സർക്കാരും, ഹയർ സെക്കന്ററി വകുപ്പും നിയമന നടപടി ക്രമങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ കാലാകാലങ്ങളിൽ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂളിന് അനുസൃതമായി നിയമനങ്ങൾ നടത്താൻ ബന്ധപ്പെട്ട സ്കൂൾ മാനേജർ ബാധ്യസ്ഥരാണ്. ഒരു തസ്തികയിലെ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നതും ആ വിവരം വിശദമായ പത്രപരസ്യം നൽകുന്നതും നിയമന നടപടിയുടെ സുതാര്യത സംരക്ഷിക്കുവാനുള്ള അടിസ്ഥാന നടപടിയാണ്. അപ്രകാരം പരസ്യം നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖ സമർപ്പിക്കുവാൻ നിയമനാധികാരിയായ മാനേജർ ബാധ്യസ്ഥനാണ്. ഇക്കാര്യത്തിൽ താങ്കളുടെ ഭാഗത്ത് വീഴ്ച വന്നതായി കണക്കാക്കുകയും 28/12/2016-ലെ ആർ.ഡി.ഡി. കോഴിക്കോടിന്റെ A5/5832/2016/KDis ഉത്തരവ് അംഗീകരിക്കുകയും ചെയ്ത് ടി അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ (അക്കാദമിക്)